## പതിനാലാം കേരള നിയമസഭ

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.395**

**29-01-2019 ൽ മറുപടിക്ക്**

## കിഫ്ബി പദ്ധതികളുടെ കാലതാമസം

| ചോദ്യം<br>ശ്രീ. ആർ. രാമചന്ദ്രൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയിൽ നിന്നുള്ള ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളുടെ ഡി.പി.ആർ. പരിശോധനയ്ക്ക് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | പൂർണ്ണമായ വിശദാംശങ്ങളുള്ള ഡി.പി.ആർ. വളരെ വേഗത്തിൽ തന്നെ പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ച് കിഫ്ബി ധനാനുമതി നൽകി വരുന്നു. അപൂർണ്ണമായ ഡി.പി.ആറുകൾ വിശദാംശങ്ങൾ തേടിയ ശേഷം കഴിയുന്നത്ര വേഗത്തിൽ തന്നെ പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.ആയതിനാൽ കാല താമസം ഒന്നും തന്നെ നേരിട്ടതായി കരുതുന്നില്ല. |
| (ബി) കിഫ്ബിയുടെ കൗൺസിൽ അംഗീകാരം ലഭിച്ച ശേഷം സാങ്കേതിക പരിശോധന നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുള്ള സ്ഥാപനങ്ങൾ കാലതാമസം വരുത്തുന്നതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ; | കിഫ്ബി അംഗീകാരം നൽകിയ പദ്ധതികൾ കാലതാമസം കൂടാതെ തന്നെ നടപ്പിലാക്കുവാൻ ബന്ധപ്പെട്ട വകുപ്പുകളുമായും എസ്.പി.വി കളുമായും പദ്ധതി അവലോകന യോഗങ്ങൾ നിശ്ചിത ഇടവേളകളിൽ കിഫ് ബി നടത്തി വരുന്നു. പ്രസ്തുത യോഗത്തിൽ ഭരണ വകുപ്പും കിഫ്ബിയും മറ്റ് ബന്ധപ്പെട്ടവരും ചർച്ച ചെയ്ത് എസ്.പി.വികൾക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകാറുണ്ട്. |
| (സി) കിഫ്ബിയുടെ സഹായത്തോടെ കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന ചിറ്റുമല റെയിൽ ഓവർ ബ്രിഡ്ജ്, കരുനാഗപ്പള്ളി ബൈപ്പാസ്, കാട്ടിൽ കടവ് പാലം, കരുനാഗപ്പള്ളി താലൂക്ക് ആശുപത്രികെട്ടിടത്തിന്റെ നിർമ്മാണം എന്നീ പദ്ധതികളുടെ പുരോഗതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | കിഫ്ബിയുടെ സഹായത്തോടെ കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന ചിറ്റുമല റെയിൽ ഓവർ ബ്രിഡ്ജ്, കരുനാഗപ്പള്ളി ബൈപ്പാസ്, കാട്ടിൽ കടവ് പാലം, കരുനാഗപ്പള്ളി താലൂക്ക് ആശുപത്രികെട്ടിടത്തിന്റെ നിർമ്മാണം എന്നീ പദ്ധതികളുടെ പുരോഗതി അനുബന്ധത്തിൽ കാണാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

395

# അനുബന്ധം

| Sl No. | Project Name | Project Status |
|---|---|---|
| 1 | ROB at Puthiyakavu - Chakkuvally (Old name - Chittumoola ROB) | KIIFB Approval Granted Vide order No.PWD016-09-PA-01 Dated 07/12/2018 |
| 2 | Improvements to Karunagappally Bypass road in kollam district | DPR under appraisal |
| 3 | Construction of Kattilkkadavu bridge across TS Canal in Karunagappally constituency, Kollam | DPR under appraisal |
| 4 | Development of Taluk Hospital, Karunagapally | DPR under appraisal |